LIBRARY ARCHIVES Kerala Legislative Assembly

മാനസികരായി വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ

29 (*149) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത് ശതമാനത്തിലധികം ആളുകൾ മാനസികമായ വെല്ലുവിളികൾ നേരിടുന്നവരാണെന്ന ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ശരാശരിയേക്കാൾ കൂടിയ ആത്മഹത്യാനിരക്കിന് ഇതും കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മാനസികമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ഒരു സാമൂഹ്യ പ്രശ്നമായി കണ്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആത്മഹത്യാനിരക്ക് വർദ്ധിക്കുന്നതിന് മാനസിക വെല്ലുവിളികൾ പലപ്പോഴും കാരണമാകാറുണ്ട്. ഇതിനുപരിഹാരമായി പ്രധാനമായും ഇത്തരം മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിലൂടെ കൗൺസിലിംഗിന് വിധേയമാക്കി മാനസിക വെല്ലുവിളികളിൽ നിന്നും ഏറെക്കുറെ വിമുക്തമാക്കി ആത്മഹത്യാ പ്രവണതയിൽ നിന്നും ഒഴിവാക്കാൻ കഴിയുന്നതാണ്.

(സി) സാമൂഹ്യനീതി വകുപ്പിന്റെ ഒരു ലക്ഷ്യം ഗ്രൂപ്പാണ് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗം. ഇവരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ വകുപ്പിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവരിൽ ഒരു വിഭാഗമാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവർ. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഭക്ഷണം, താമസം, വസ്ത്രം, മരുന്നുകൾ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങൾ വഴിയും ഇവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നു.